LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി

163 [1761] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എത്ര ഡോക്ടർമാർ അവധിയിൽ പ്രവേശിച്ചിട്ടുണ്ട്;

(ബി) വേണ്ടത്ര ജീവനക്കാർ ആരോഗ്യ വകുപ്പിൽ ഇല്ലാത്ത ഗുരുതരാവസ്ഥ പരിഹരിക്കുവൻ താൽക്കാലികമായി എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പല കാലയളവിലായി ആരോഗ്യ വകുപ്പിലെ 382 ഡോക്ടർമാർക്ക് വിവിധ ആവശ്യങ്ങൾക്കായി സർക്കാർ അവധി അനുവദിച്ചിട്ടുണ്ട്.

(ബി) 22-7-2003-ലെ സർക്കാർ ഉത്തരവ് 2190/03/അകുവ പ്രകാരം ഡോക്ടർമാർക്ക് അവധി അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. 3 വർഷത്തിൽ കുറയാതെ സർവ്വീസ് ഉണ്ടെങ്കിൽ മാത്രമേ അവധിക്ക് അപേക്ഷിക്കാൻ ഡോക്ടർമാർക്ക് അർഹതയുള്ളൂ. കൂടാതെ ബിരുദാനന്തര ബിരുദം കഴിഞ്ഞതിനുശേഷമുള്ള ഡോക്ടർമാരെ അവധി അനുവദിക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ പി. എസ്. സി. വഴി നിയമനം നൽകുന്ന ഡോക്ടർമാരിൽ മൂന്നിലൊന്ന് പേർ മാത്രമേ ജോലിയിൽ പ്രവേശിക്കുന്നുള്ളൂ. ഗ്രാമീണ മേഖലയിൽ ജോലി ചെയ്യുവാൻ ഭൂരിഭാഗം ഡോക്ടർമാരും വിമുഖത കാണിക്കുന്നുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. ലിസ്റ്റ് പ്രകാരം നിയമനം നൽകുന്നവരിൽ ജോലിയിൽ പ്രവേശിക്കാത്തവരുടെ എൻ.ജെ.ഡി. റിപ്പോർട്ട് പി. എസ്. സിക്ക് നൽകുക വഴി ഒഴിവുള്ള തസ്തികകൾ മുഴുവൻ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പി. എസ്. സി. വഴി നിയമനം ലഭിക്കുന്ന ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കാത്ത ആശുപത്രികളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് അതാത് ഡി.എം.ഒ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടേയും നേഴ്സ്മാരുടേയും കുറവ് പരിഹരിക്കാൻ നടപടി

164 [1763] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ആവശ്യത്തിന് ഡോക്ടർമാരും നേഴ്സ്മാരും ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെന്ററുകളിൽ സ്ഥിരം ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;